65/DGE/HSE/NSS/2020

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
ഹയർ സെക്കണ്ടറി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം
15/07/2020

## <u>സർക്കുലർ</u>

### ഹരിതകാന്തി

ഹയർ സെക്കണ്ടറി രണ്ടാം വർഷ വിദ്യാർത്ഥികൾക്കായി നാഷണൽ സർവ്വീസ് സ്കീം 'ഹരിതകാന്തി ' എന്ന ഒരു പദ്ധതിക്ക് രൂപം നൽകുന്നു.

ഇതിന്റെ ഭാഗമായി ഒരു വോളണ്ടിയർ കുറഞ്ഞത് 10 പച്ചക്കറി തൈകൾ എങ്കിലും അവരവരുടെ വീടുകളിൽ നട്ടുപിടിപ്പിക്കേണ്ടതാണ്. ഓണക്കാലത്ത് വിളവെടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്കായി വീട്ടിൽ തന്നെ സൗകര്യപ്രദമായ സ്ഥലത്തോ ഗ്രോ ബാഗുകളിലോ ചെടിച്ചട്ടികളിലോ വിത്തുകൾ/തൈകൾ നട്ടുപിടിപ്പിക്കേണ്ടതാണ്. നടുന്നത് മുതൽ വളർച്ചയുടെ ഓരോ ഘട്ടവും വിളവെടുപ്പും അടങ്ങുന്ന 3 ഫോട്ടോകൾ അതാത് പ്രോഗ്രാം ഓഫീസർമാർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

ഓരോ വോളണ്ടിയർമാരും ഈ പ്രവർത്തനം വോളണ്ടിയർ ഡയറിയിൽ രേഖപ്പെടുത്തി റെഗുലർ ആക്ടിവിറ്റിയുടെ ഭാഗമായി പ്രോഗ്രാം ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. മികച്ച പച്ചക്കറി തോട്ടത്തിന് യൂണിറ്റ് തലത്തിൽ അംഗീകാരം നൽകാവുന്നതാണ്.

യൂണിറ്റ് തലത്തിൽ ഉൽപ്പന്നങ്ങളുടെ വിവരം ക്ലസ്റ്റർ തലത്തിലും ജില്ലാതലത്തിലും ക്രോഡീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ഒപ്പ്

ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ